**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** **20-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഉണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കണ്ണൂർ സർക്കാർ വനിതാ കോളേജിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>i)കോളേജ് ഓഡിറ്റോറിയം നിർമ്മാണം.<br>ii) ഓപ്പൺ സ്റ്റേജ് നവീകരണവും ഓവുചാൽ നിർമ്മാണവും. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | ഓഡിറ്റോറിയം നിർമ്മാണത്തിന്റെ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ഓപ്പൺ സ്റ്റേജ് നവീകരണവും ഓവുചാൽ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ എന്തൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഓഡിറ്റോറിയത്തിനകത്തെ ശബ്ദ സംവിധാനവും റോഡ് ടാറിംഗും പ്രസ്തുത പ്രവർത്തികളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ